"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ആലപ്പുഴ ജില്ലയിലെ "GENERAL-Budget Work 2024-2025 - Improvements of Village Roads – Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work" എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.25/2026/PWD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. 06.02.2017 ലെ സഉ(പി)നം. 16/2017/ധന
2. GO (Rt) No.1059/2025/PWD dated 16.07.2025
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 06.02.2026, 28.02.2026 തീയതികളിലെ CEPWD/2429/2026-C4(W)-RD നം. കത്തുകൾ

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ "GENERAL-Budget Work 2024-2025 - Improvements of Village Roads – Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work" എന്ന പ്രവർത്തിക്കായി പരാമർശം (2) ഉത്തരവു പ്രകാരം 292.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും ടെക്നിക്കൽ സാങ്ഷനും നൽകിയിരുന്നു.

2. ഈ പ്രവർത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ നിന്നും 4 തവണ ടെൻഡർ ചെയ്തിരുന്നു. ഒന്നാം ടെണ്ടറിൽ ഒരു ബിഡ് മാത്രം ലഭിച്ചിരുന്നതുകൊണ്ട് അത് നിരസിക്കപ്പെട്ടു. രണ്ടാം ടെണ്ടറിൽ രണ്ട് ബിഡ്ഡുകൾ ലഭിച്ചിരുന്നു. ഇവയിൽ ഒരെണ്ണം ജി.എസ്.ടി ഡോക്കുമെന്റുകളും ഇന്റെഗ്രിറ്റി പാക്റ്റും സമർപ്പിക്കാത്തതിനാൽ നിരസിച്ചു. ക്വാളിഫൈ ചെയ്യപ്പെട്ട ബിഡ്ഡർ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് PAC യെക്കാൾ 22% കൂടുതലായതിനാൽ നിരസിച്ചു. മൂന്നാം ടെണ്ടറിൽ ലഭ്യമായ സിംഗിൾ ബിഡ്ഡിൽ ക്വാട്ട് ചെയ്ത തുക 10% കൂടുതലായിരുന്നതിനാലും ബിഡ്ഡർ തുക കുറയ്ക്കാൻ തയ്യാറാകാതിരുന്നതിനാലും നിരസിച്ചു. നാലാം ടെൻഡറിൽ മൂന്ന് ബിഡ്ഡുകൾ ലഭിച്ചു. ഇവയിൽ ക്വാട്ട് ചെയ്യപ്പെട്ട ഏറ്റവും കുറഞ്ഞ തുക അനുവദനീയമായ നിരക്കിനെക്കാൾ കൂടുതലാണ്. പ്രസ്തുത ബിഡ് സമർപ്പിച്ച M/s. VALAYANATTU HIRING AND CONSTRUCTION COMPANY ക്വോട്ട് ചെയ്ത തുകയായ 2,69,54,036/- രൂപ എന്നത് മേൽ പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും

അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണ് എന്നും എന്നാൽ ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിരിക്കുന്ന വില്ലേജ് റോഡുകൾക്ക് അടിയന്തര പുനരുദ്ധാരണം ആവശ്യമായതിനാലും മുൻ ടെണ്ടറുകൾക്കുള്ള പ്രതികരണങ്ങൾ കണക്കിലെടുക്കുമ്പോൾ ടെണ്ടർ റീക്കാൾ ചെയ്താലും മികച്ച പ്രതികരണം ലഭിക്കാൻ സാദ്ധ്യത ഇല്ലെന്നതിനാലും നിലവിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്ന 2,69,54,036/- രൂപയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിന് അനുമതി നൽകണമെന്ന് ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിരിക്കുന്ന വില്ലേജ് റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്തും മുൻ ടെണ്ടറുകൾക്കുള്ള പ്രതികരണങ്ങൾ കണക്കിലെടുക്കുമ്പോൾ ടെണ്ടർ റീക്കാൾ ചെയ്താലും മികച്ച പ്രതികരണം ലഭിക്കാൻ സാദ്ധ്യത ഇല്ലെന്ന പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയരുടെ റിപ്പോർട്ട് പരിഗണിച്ചും ആലപ്പുഴ ജില്ലയിൽ "GENERAL-Budget Work 2024-2025 - Improvements of Village Roads — Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work" എന്ന പ്രവർത്തിക്കായി M/s. VALAYANATTU HIRING AND CONSTRUCTION COMPANY ക്വോട്ട് ചെയ്ത തുകയായ 2,69,54,036/- രൂപ (രണ്ടു കോടി അറുപത്തൊൻപത് ലക്ഷത്തി അൻപത്തിനാലായിരത്തി മുപ്പത്തിയാറു രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 8.93% കൂടുതൽ ആയതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്"എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

**പകർപ്പ്-**
ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, ആലപ്പുഴ
ധനകാര്യ വകുപ്പ് No. INPWC1/25/2026-FIN (E 3421391) dt.25/02/2026
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 12-03-2026 10:50:09
സെക്ഷൻ ഓഫീസർ

**പകർപ്പ്-**

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. പൊ.മ.വ.-ജി1/76/2026/പൊ.മ.വ. ഇനം നം: 3881

വിഷയം : പൊതുമരാമത്ത് വകുപ്പ് - Tender excess - GENERAL - Budget Work 2024 - 2025 - Improvements of Village Roads - Vallamkadavu - Swamithara road (Ward 1) in Chennithala Grama Panchayath - General Civil Work എന്നതിൽ ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**GOVERNMENT OF KERALA**

**(SHRI.PINARAYI VIJAYAN MINISTRY)**

**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | PWD-G1/76/2026-PWD |
| 2. | Department | : | Public Works (G) Department. |
| 3. | Subject | : | Tender excess GENERAL-Budget Work 2024-2025- -Improvements of Village Roads -Vallamkadavu-Swamithara road (Ward 1) in Chennithala Grama panchayath-General Civil Work -reg |
| 4. | Date of Chief Minister's order for placing before the Council | : | 05.03.2026 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative,whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Sri. Sumesh Kumar C |
| 8. | Name of Secretary who approved the Draft Note | : | Sri.K.Biju |
| 9. | Date of approval of the Draft Note for the Council by the Secretary | : | 09.03.2026 |
| 10. | Name of Chief Secretary who approved the Draft Note | : | Dr A Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | |
| 12. | Name of Minister who approved the Draft Note | : | Shri.P.A. Mohamed Riyas |
| 13. | Date of approval of the Draft Note for the Council by the Minister | : | |
| 14 | Date of Submission of fair copies | : | |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

Draft **NOTE FOR COUNCIL OF MINISTERS**

This note relates to the request of the Chief Engineer, Roads, Public Works Department for acceptance of tender submitted by M/s. VALAYANATTU HIRING AND CONSTRUCTION COMPANY for the work - "GENERAL-Budget Work 2024-2025 - Improvements of Village Roads – Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work" in Alappuzha District.

2. Vide GO (Rt) No.1059/2025/PWD dated 16.07.2025 Administrative Sanction was accorded for the work - GENERAL-Budget Work 2024-2025 - Improvements of Village Roads – Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work for an amount of Rs. 292.30 lakhs and Technical Sanction was issued. The work has been tendered 4 times from the office of the Superintending Engineer, PWD Roads South Circle Thiruvananthapuram. Single bid was received in the 1st tender and hence rejected. In response to the 2nd tender call two bids were received. Out of the two bids, one bid rejected as GST documents and Integrity Pact not submitted by the bidder. The amount quoted by the qualified bidder is 22 % more than estimated PAC and hence rejected. Single bid received in the 3rd tender at above quoted rate of 10% & hence rejected as the bidder was not willing to reduce their high quoted rates. Now, on the 4th tender, three bids has again been received. But the lowest amount quoted is more than the admissible limit. cf 31

- Details of the bidders are as follows:-

| No | Bidder | Estimate PAC (DSR 2021) | LMR PAC | Current SoR (2021) +10.00% | Quoted Rate (%) | Quoted PAC |
|---|---|---|---|---|---|---|
| 1 | M/s. VALAYANATTU HIRING AND CONSTRUCTION COMPANY | 2,47,44513 | 2,49,31984.69 0.76% > EPAC | 2,72,18964 10% > EPAC | 8.93 | 2,69,54036.46 |
| 2 | V D SANAL KUMAR | | | | 9.8 | 2,71,69462.60 |
| 3 | CK.SATHEESH | | | | 15 | 2,84,56205.72 |

From the above table it may be seen that the details of the bid of M/s. VALAYANATTU HIRING AND CONSTRUCTION COMPANY who is the lowest bidder is as follows.

- Estimate PAC : Rs. 2,47,44,513/-
- LMR PAC : Rs. 2,49,31,984.69/- 0.76% > EPAC
- Current SoR (2021) + 10.00% : Rs. 2,72,18,964/- 10% > EPAC
- Quoted PAC : Rs. 2,69,54,036.46 (8.93% above EPAC)

It may be noted that Quoted PAC Rs. 2,69,54,036.46 (8.93% above EPAC) is less than the admissible limit of Current SoR+10% but greater than LMR PAC. It is also reported that on negotiation, the lowest quoted contractor was not willing to reduce his quoted rate. Hence the Chief Engineer request that the tender in favour of M/s. VALAYANATTU HIRING AND

CONSTRUCTION COMPANY may be considered at their quoted rate of Rs. 2,69,54,036.46/- (8.93 % above EPAC) .

3. As per G.O.(P) No. 16/2017/Fin. Dated 06/02/2017 regarding General Conditions in PWD works "the condition to allow maximum tender excess is at the quoted rate/LMR or DSR+ 10% whichever is less". Since the Quoted amount is higher than the above limit, Chief Engineer has furnished the tender approval proposal to the Government. Flg A

4. The Chief Engineer had requested that the tender in favour of M/s. VALAYANATTU HIRING AND CONSTRUCTION COMPANY may be considered at their negotiated rate of Rs.2,69,54,036.46/- (8.93% above EPAC). File was forwarded to FD for remarks and that Department remarked as follows:-

"*Considering that the work is tendered 4 times and the quoted amount is less than Current DSR 2021 and in case AD feels that no better response is expected even on recall of tenders , AD is advised to submit the tender excess proposal of the work- "GENERAL-Budget Work 2024-2025- Improvements of Village Roads -Vallamkadavu-Swamithara road (Ward-1) in Chennithala Grama panchayath-General Civil Work", Chengannur LAC for a quoted PAC of ₹ 269.54 lakhs which is 8.93% above estimate PAC of ₹ 247.45 lakh to the Council of Ministers for approval.*" This has the approval of Hon. Min Finance"

5. Based on the above remarks the CE was requested to report whether a better response can be expected on recall of tenders of the above work. The Chief Engineer has reported that the subject work has already been tendered four times from the office of the Superintending Engineer, PWD Roads, South

Circle Thiruvananthapuram. Despite repeated tender notifications, no improved or competitive response has been obtained.

6. It is also reported that the village roads included in this work are presently in a highly distressed condition and require urgent improvement in public interest. Considering the past tender responses, it cannot reasonably be expected that recall of tenders would yield a better response.

7. The Chief Engineer has requested that the tender in favour of M/s. VALAYANATTU HIRING AND CONSTRUCTION COMPANY be considered at their quoted rate of Rs. 2,69,54,036/- (8.93% above EPAC) in the light of the facts mentioned above.

8. When the ~~matter of approving~~ file was submitted for approval of placing the tender excess proposal before the Cabinet, taking into consideration the request of the Chief Engineer and the remarks of the Finance Department, Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether the request of the Chief Engineer Roads for the acceptance of tender submitted by M/s. VALAYANATTU HIRING AND CONSTRUCTION COMPANY for the work "GENERAL-Budget Work 2024-2025 - Improvements of Village Roads – Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work" in Alappuzha District., for an amount of Rs. 2,69,54,036/- (Two crore sixty nine lakh fifty four thousand and thirty six rupees only) which is 8.93% above the

Estimate PAC, may be agreed to and the tender may be accepted in relaxation of the stipulations of "The condition to allow maximum tender excess is at the quoted rate/LMR or DSR+ 10% whichever is less prescribed by G.O.(P) No.16/2017/Fin dated 06/02/2017?

06/3/26

06/03/2026

6/3/26

6/3/26.

9/3/2026

9/3/26

9/3/26

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.മ.വ- ജി1/76/2026-പൊ.മ.വ. |
| 2 | വകുപ്പ് | : | പൊതുമരാമത്ത് (ജി) വകുപ്പ് |
| 3 | വിഷയം | : | Tender excess GENERAL-Budget Work 2024-2025- -Improvements of Village Roads -Vallamkadavu- Swamithara road (Ward 1) in Chennithala Grama panchayath-General Civil Work - എന്നതിൽ ടെണ്ടർ അംഗീകരിക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05-03-2026 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ സുമേഷ് കുമാർ സി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ബിജു. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ആലപ്പുഴ ജില്ലയിൽ "GENERAL-Budget Work 2024-2025 - Improvements of Village Roads - Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work" എന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് M/s. VALAYANATTU HIRING AND CONSTRUCTION COMPANY സമർപ്പിച്ച ടെൻഡർ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയർ സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2. ആലപ്പുഴ ജില്ലയിൽ "GENERAL-Budget Work 2024-2025 - Improvements of Village Roads - Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work" എന്ന പ്രവർത്തിക്കായി GO (Rt) No.1059/2025/PWD dated 16.07.2025 പ്രകാരം 292.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും ടെക്നിക്കൽ സാങ്ഷനും നൽകിയിരുന്നു. ഈ പ്രവർത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ നിന്നും 4 തവണ ടെൻഡർ ചെയ്തിരുന്നു. ഒന്നാം ടെണ്ടറിൽ ഒരു ബിഡ് മാത്രം ലഭിച്ചിരുന്നതുകൊണ്ട് അത് നിരസിക്കപ്പെട്ടു. രണ്ടാം ടെണ്ടറിൽ രണ്ട് ബിഡ്ഡുകൾ ലഭിച്ചിരുന്നു. ഇവയിൽ ഒരെണ്ണം ജി.എസ്.ടി ഡോക്കുമെന്റുകളും ഇന്റഗ്രിറ്റി പാക്റ്റും സമർപ്പിക്കാത്തതിനാൽ നിരസിച്ചു. ക്വാളിഫൈ ചെയ്യപ്പെട്ട ബിഡ്ഡർ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് PAC യെക്കാൾ 22% കൂടുതലായതിനാൽ നിരസിച്ചു. മൂന്നാം ടെണ്ടറിൽ ലഭ്യമായ സിംഗിൾ ബിഡ്ഡിൽ ക്വാട്ട് ചെയ്ത തുക 10% കൂടുതലായിരുന്നതിനാലും ബിഡ്ഡർ തുക കുറയ്ക്കാൻ തയ്യാറാകാതിരുന്നതിനാലും നിരസിച്ചു. ഇപ്പോൾ നാലാം ടെൻഡറിൽ മൂന്ന് ബിഡ്ഡുകൾ ലഭിച്ചു. ഇവയിൽ ക്വാട്ട് ചെയ്യപ്പെട്ട ഏറ്റവും കുറഞ്ഞ തുക അനുവദനീയമായ നിരക്കിനെക്കാൾ കൂടുതലാണ്.

ക്വോട്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| No | Bidder | Estimate PAC (DSR 2021) | LMR PAC | Current SoR (2021) +10.00% | Quoted Rate (%) | Quoted PAC |
|---|---|---|---|---|---|---|
| 1 | M/s. VALAYANATTU HIRING AND CONSTRUCTION COMPANY | 2,47,44,513 | 2,49,31,984.69 0.76% > EPAC | 2,72,189,64 10% > EPAC | 8.93 | 2,69,54,036.46 |
| 2 | V D SANAL KUMAR | | | | 9.8 | 2,71,69,462.60 |
| 3 | CK.SATHEESH | | | | 15 | 2,84,56205.72 |

മേൽ ടേബിളിൽ നിന്നും എറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s. VALAYANATTU HIRING AND CONSTRUCTION COMPANY എന്ന ബിഡ്ഡറുടെ ബിഡ്ഡിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

- Estimate PAC : Rs. 2,47,44,513
- LMR PAC : Rs. 2,49,31,984.69 0.76% > EPAC
- Current SoR (2021)+ 10.00% : Rs. 2,72,18,964 10% > EPAC
- Quoted PAC : Rs. 2,69,54,036.46 (8.93% above EPAC)

Quoted PAC തുക ആയ Rs. 2,69,54,036.46 (8.93 % above EPAC) അനുവദനീയമായ നിരക്കായ Current SoR + 10% ത്തെക്കാൾ കുറവും LMR PAC യെക്കാൾ കൂടുതലുമാണ്. നിരക്കുകുറയ്ക്കാൻ കോൺട്രാക്ടറുമായി ചർച്ചകൾ നടത്തിയെങ്കിലും നിരക്ക് കുറയ്ക്കാൻ കോൺട്രാക്ടർ തയ്യാറായില്ല. ആയതിനാൽ M/s. VALAYANATTU HIRING AND CONSTRUCTION COMPANY ക്വാട്ട് ചെയ്ത തുകയായ Rs. 2,69,54,036.46 (8.93 % above EPAC) പരിഗണിക്കണമെന്ന് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

3. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങളടങ്ങിയ 06/02/2017 ലെ സ.ഉ (പി)16/2017/ധന പ്രകാരം "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നതാണ്. ഇവിടെ ക്വോട്ട് ചെയ്ത തുക പ്രസ്തുത പരിധിയിലധികമായതിനാൽ ടെണ്ടർ അംഗീകാരത്തിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് നൽകി. Flag A

4. M/s. VALAYANATTU HIRING AND CONSTRUCTION COMPANY ക്വാട്ട് ചെയ്ത തുകയായ Rs. 2,69,54,036.46 (8.93 % above EPAC) രൂപയുടെ ബിഡ്ഡിന് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് റിമാർക്കുകൾക്കായി ഈ ഫയൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കുന്നതിൻ പ്രകാരം അഭിപ്രായപ്പെട്ടു.

*"Considering that the work is tendered 4 times and the quoted amount is less than Current DSR 2021 and in case AD feels that no better response is expected even on recall of tenders , AD is advised to submit the tender excess proposal of the work- "GENERAL-Budget Work 2024-2025- Improvements of Village Roads -Vallamkadavu-Swamithara road (Ward-1) in Chennithala Grama panchayath- General Civil Work", Chengannur LAC for a quoted PAC of ₹ 269.54 lakhs which is 8.93% above estimate PAC of ₹ 247.45 lakh to the Council of Ministers for approval."*

*This has the approval of Hon. Min. Finance."*

5. ഇതനുസരിച്ച് ടെണ്ടർ റീക്കാൾ ചെയ്താൽ മെച്ചപ്പെട്ട പ്രതികരണം ലഭിക്കുമോയെന്ന് അറിയിക്കാൻ ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടു. ഇതിന് മറുപടിയായി മേൽ പ്രവൃത്തി ഇതിനോടകം തന്നെ നാല് തവണ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി റോഡ്സ്, ദക്ഷിണമേഖല ഓഫീസിൽ നിന്നും ടെണ്ടർ

ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പലതവണ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും മികച്ച പ്രതികരണങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

6. കൂടാതെ ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിരിക്കുന്ന വില്ലേജ് റോഡുകൾ ശോചനീയാവസ്ഥയിലാണെന്നും ആയതിനാൽ അടിയന്തര പുനരുദ്ധാരണം ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല മുൻ ടെണ്ടറുകൾക്കുള്ള പ്രതികരണങ്ങൾ കണക്കിലെടുക്കുമ്പോൾ ടെണ്ടർ റീക്കാൾ ചെയ്താലും മികച്ച പ്രതികരണം ലഭിക്കുമെന്ന് കരുതുന്നതിൽ സാംഗത്യം ഇല്ലെന്നും അറിയിച്ചിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി M/s. VALAYANATTU HIRING AND CONSTRUCTION COMPANY ക്വാട്ട് ചെയ്ത തുകയായ Rs. 2,69,54,036.46 (8.93 % above EPAC) രൂപയുടെ ബിഡ്ഡിന് അംഗീകാരം നൽകണമെന്ന് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

8. ചീഫ് എഞ്ചിനീയറുടെ അഭ്യർത്ഥനയും ധനകാര്യ വകുപ്പിന്റെ റിമാർക്കും പരിഗണിച്ച് ടെണ്ടർ അംഗീകരിക്കുന്ന വിഷയത്തിൽ മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി സമർപ്പിക്കുകയും വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ആലപ്പുഴ ജില്ലയിൽ "GENERAL-Budget Work 2024-2025 - Improvements of Village Roads - Vallamkadavu - Swamithara road (Ward 1) in Chennithala Grama panchayath-General Civil Work" എന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് M/s. VALAYANATTU HIRING AND CONSTRUCTION COMPANY ക്വാട്ട് ചെയ്ത തുകയായ Rs. 2,69,54,036/- (രണ്ട് കോടി അറുപത്തിയൊൻപത് ലക്ഷത്തി അൻപത്തി നാലായിരത്തി മുപ്പത്തി ആറ് രൂപ മാത്രം) എസ്റ്റിമേറ്റ് തുകയേക്കാൾ 8.93% കൂടുതൽ ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ 06/02/2017 ലെ സ.ഉ(പി)16/2017/ധന ലെ

വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കാമോ?

06/3/26

06/03/2026

06/03/26

6/3/26.

9/3/2026

9/3/26

9/3/26